(ബി) സർക്കാരിന് വരുമാനവും രോഗികൾക്ക് ആനുകൂല്യവും ലഭിക്കുന്ന പ്രസ്തുത ഉത്തരവിന് ഹൈക്കോടതിയുടെ അംഗീകാരം ഉണ്ടായിട്ടും നടപ്പാക്കാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം-13, കൊല്ലം-30, എറണാകുളം-62, തൃശ്ശൂർ-12, കോഴിക്കോട്-14, കണ്ണൂർ-4 തുടങ്ങിയ സ്വകാര്യ ആശുപത്രികൾ ലൈസൻസിനുവേണ്ടി അപേക്ഷിക്കുകയും അതനുസരിച്ച് ടി ചട്ടപ്രകാരം പ്രസ്തുത ആശുപത്രികൾക്ക് ലൈസൻസ് നൽകിവരികയും ചെയ്യുന്നു.

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർ

56 (4931) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ ആകെ എത്ര ജീവനക്കാരുണ്ടെന്നും അവരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇവർക്ക് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രത്യക്ഷ സമരരംഗത്തിറങ്ങാതെ ജീവനക്കാർ അവരുടെ കടമ നിറവേറ്റിക്കൊണ്ടുതന്നെ പ്രതിഷേധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തൊക്കെ ചെയ്യുവാൻ സാധിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ സയന്റിഫിക് ലിറ്ററി & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് റീജിയണൽ ക്യാൻസർ സെന്റർ. റീജിയണൽ ക്യാൻസർ സെന്ററിന്റെ നിയന്ത്രണം, ഭരണം, മാനേജ്മെന്റ് എന്നിവ ആർ.സി.സി.-യുടെ ചട്ടങ്ങൾക്ക് വിധേയമായി സർക്കാർ ഉദ്യോഗസ്ഥരും.

LIBRARY ARCHIVES Kerala Legislative Assembly

കഴിവുറ്റ മെഡിക്കൽ/സയന്റിസ്റ്റുകളും അടങ്ങുന്ന 13 അംഗങ്ങളുള്ള ഒരു ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ഗവേണിംഗ് ബോഡിയുടെ ചെയർമാൻ കേരളാ മുഖ്യമന്ത്രിയും, ആരോഗ്യവകുപ്പ് മന്ത്രി വൈസ് ചെയർമാനും, ആരോഗ്യവകുപ്പ് സെക്രട്ടറി ആൾട്ടർനേറ്റ് വൈസ്ചെയർമാനുമാണ്.

(ബി) റീജിയണൽ ക്യാൻസർ സെന്ററിൽ ആകെ 501 സ്ഥിരം ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്നു. ആർ.സി.സി. ജീവനക്കാർക്ക് ഇപ്പോൾ SCTIMST -യ്ക്ക് സമാനമായ കേന്ദ്ര ഗവൺമെന്റ് നിരക്കിലുള്ള സേവന വേതന വ്യവസ്ഥകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. ആർ.സി.സി.യിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രൊപ്പോസൽ ആർ.സി.സി. ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്.

മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാർ

57 (4932). ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ആസ്ഥാനമായി മെഡിക്കൽ സർവ്വകലാശാല രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരെ നിയമിക്കുമ്പോൾ കാർഷിക സർവ്വകലാശാല ഉൾപ്പെടെ ഇതര സർവ്വകലാശാല ജീവനക്കാർക്ക് സീനിയോറിറ്റിയുടേയും വില്ലിംഗ്നെസ്സിന്റെയും അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വകലാശാലയിലേക്ക് വരുന്നതിന് ഓപ്ഷൻ സൗകര്യം നൽകുമോ ;

(ബി) ഈ സർവ്വകലാശാലയിൽ ഭരണവിഭാഗം ജീവനക്കാരുടെ എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ പുതിയ തസ്തിക (എത്രയെണ്ണം, പ്രത്യേകം പ്രത്യേകം) സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത തസ്തികകൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് രൂപീകരിച്ച് കഴിഞ്ഞിട്ടില്ല. സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി & സി) 8-12-09 ലേയും 3-2-10 ലേയും സർക്കാർ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly